"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് - പാലക്കാട് പരുത്തിപ്പുള്ളി എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീ. അജയ് പി.ക്ക് പഠനാവശ്യത്തിനായി ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1869/2026/GEDN** തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:-

1. പാലക്കാട് പരുത്തിപ്പുള്ളി എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീ. അജയ് പി. യുടെ 21/11/2025 തീയതിയിലെ അപേക്ഷ.
2. ആർ.വി.എസ്. കോളേജ് ഓഫ് ആർട്സ് & സയൻസ് പ്രിൻസിപ്പലിന്റെ 03/09/2025 തീയതിയിലെ സാക്ഷ്യപത്രം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30/11/2025 തീയതിയിലെ DGE/21521/2025-G1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനു കീഴിലുള്ള പരുത്തിപ്പുള്ളി എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ആയ ശ്രീ. അജയ് പി. ഉന്നത പഠനാവശ്യത്തിനായി 09/09/2025 മുതൽ 31/05/2027 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി ടിയാൾ സമർപ്പിച്ച പരാമർശം (1) അപേക്ഷയും അനുബന്ധരേഖകളും സഹിതം ഉചിത മാർഗ്ഗേണ സമർപ്പിച്ചിട്ടുള്ള പരാമർശം (3) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഭാരതിയാർ യൂണിവേഴ്സിറ്റിക്ക് കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർ.വി.എസ്. കോളേജ് ഓഫ് ആർട്സ് & സയൻസ്, കോയമ്പത്തൂരിൽ എം.എ. ഇംഗ്ലീഷ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള പാലക്കാട് പരുത്തിപ്പുള്ളി എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീ. അജയ് പി. ക്ക് പഠനാവശ്യത്തിനായി 09/09/2025 മുതൽ 31/05/2027 വരെ, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ, ഹയർഗ്രേഡ്, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

ടി വിവരം ടിയാളുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുഴൽമന്ദം, പാലക്കാട്.
പ്രധാനാധ്യാപിക, എ.എൽ.പി. സ്കൂൾ, പരുത്തിപ്പുള്ളി (പി.ഒ.), പാലക്കാട് - 678 573.
ശ്രീ. അജയ് പി., എ.എൽ.പി. സ്കൂൾ, പരുത്തിപ്പുള്ളി (പി.ഒ.), പാലക്കാട് - 678 573.
ധനകാര്യ (വിദ്യാ-എ) വകുപ്പ് (22/01/2026 തീയതിയിലെ 3369264/EDN-A2/460/2025-FIN കുറിപ്പ്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 09-03-2026 12:44:22
സെക്ഷൻ ഓഫീസർ